**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **11-10-2024 - ൽ മറുപടിയ്ക്ക്**

**മൃഗങ്ങളിലെ രോഗപ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വളർത്തു മൃഗങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ; | (എ) | വളർത്തു മൃഗങ്ങളെ ബാധിക്കുന്ന കുളമ്പ് രോഗം, ചർമ്മമുഴ, ബ്രൂസല്ലോസിസ്, ആട് വസന്ത, ക്ലാസിക്കൽ സ്വൈൻ ഫീവർ തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് വർഷം തോറും നിശ്ചിത സമയക്രമത്തിൽ മൃഗസംരക്ഷണ വകുപ്പിന് വേണ്ടി അനിമൽ ഡിസീസ് കൺട്രോൾ പ്രോജെക്ട് മുഖേന പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നുണ്ട്. കൂടാതെ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് വർഷം മുഴുവൻ നൽകുന്നുണ്ട്. |
| (ബി) | കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കാൻ കർഷകരുടെ വീടുകളിലെത്തി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | കേരളത്തിലെ 29 ബ്ലോക്കുകളിൽ '1962' എന്ന കോൾ സെന്ററിന്റെ സഹായത്താൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട് (നെടുമങ്ങാട്, പാറശ്ശാല, ചടയമംഗലം, അഞ്ചൽ, പറക്കോട്, മല്ലപ്പള്ളി, കഞ്ഞിക്കുഴി, മുതുകുളം, കാഞ്ഞിരപ്പള്ളി, വൈക്കം, കട്ടപ്പന, ദേവികുളം, അഴുത, കോതമംഗലം, മുളന്തുരുത്തി, മതിലകം, പഴയന്നൂർ, പട്ടാമ്പി, അട്ടപ്പാടി, തിരൂർ, നിലമ്പൂർ, കൊടുവള്ളി, തൂണേരി, മാനന്തവാടി, സുൽത്താൻബത്തേരി, പയ്യന്നൂർ, ഇരിട്ടി, കാഞ്ഞങ്ങാട്, കാസർഗോഡ്). ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലുമായി വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റന്റന്റ് എന്നിവരുടെ സേവനം ലഭ്യമാണ്. ഓരോ യൂണിറ്റുകളിലും ചികിത്സാ സംബന്ധമായ രജിസ്റ്ററുകളും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നുണ്ട്. വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമബീജസങ്കലനം, രോഗപ്രതിരോധ കുത്തിവെയ്പ്പ്, പ്രയാസമേറിയ പ്രസവം തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകരുടെ വാതിൽപ്പടിയിൽ വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു.<br><br>കൂടാതെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്നതിനുമായി രാത്രികാല അടിയന്തിര വെറ്ററിനറി സേവന പദ്ധതി സർക്കാർ ലക്ഷ്യമിടുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. |

സെക്ഷൻ ഓഫീസർ